# പട്ടികജാതി പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റ് നൽകൽ
# പൊതുവായ സംശയങ്ങളും മറുപടിയും
# (പഠനസഹായി)


ചീഫ് എഡിറ്റർ
**ഡോ. ബിന്ദു. എസ്**,ഡയറക്ടർ

എഡിറ്റർ
**സജിത്ത്കുമാർ. എസ്. വി**
ഡെപ്യൂട്ടി ഡയറക്ടർ(നരവംശശാസ്ത്രം),വിജിലൻസ് ഓഫീസർ i/c

അസോസിയേറ്റ് എഡിറ്റർ
**മധു നാരായണൻ**
റിസർച്ച് അസിസ്റ്റന്റ് (നരവംശശാസ്ത്രം)

ക്രോഡീകരണം
**ഡോ. ശശികുമാർ. എസ്. കെ**
റിസർച്ച് അസിസ്റ്റന്റ് (നരവംശശാസ്ത്രം)
**മഹേഷ്. എം. വി**
(ഇൻവെസ്റ്റിഗേറ്റർ)

സംശോധനം
**മോഹൻകുമാർ. വി. കെ**
(ഡെപ്യൂട്ടി ഡയറക്ടർ(റിട്ട.), നരവംശശാസ്ത്രം)



## കിർടാഡ്സ്
കേരളപട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന വകുപ്പ്
ചേവായൂർ പി. ഒ, കോഴിക്കോട് – 17
**2018**

## പട്ടികജാതി പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റ് നൽകൽ
## പൊതുവായ സംശയങ്ങളും മറുപടിയും
## പഠന സഹായി

### I. മതപരിവർത്തനം, പുന:മതപരിവർത്തനം നടത്തിയവരുടെ ജാതിപദവി നിർണ്ണയം

**(പട്ടികജാതി)**

1. **പട്ടികജാതി സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിന് മതം പരിഗണിക്കേതുേ ണ്ട ാ ? ഉണ്ടെങ്കിൽ അവ ഏതൊക്കെ ?**

കേന്ദ്ര ഗവൺമെന്റിന്റെ പൊതുമാനദണ്ഡങ്ങളിൽപ്പെട്ട നിർദ്ദേശം അനുസരിച്ച് പട്ടികജാതി സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിൽ മതം നിഷ്കർഷിച്ചിട്ടുണ്ട്. 1950 ലെ ആദ്യ വിഞ്ജാപന പ്രകാരം ഹിന്ദു മതം ആചരിക്കുന്നവരെയാണ് പട്ടികജാതി സമുദായാംഗങ്ങളായി പരിഗണിച്ചിട്ടുള്ളത്. 1956 ലെ വിഞ്ജാപനം അനുസരിച്ച്, സിഖ് മതത്തിൽപ്പെട്ടവരെയും 1990 ലെ വിഞ്ജാപന പ്രകാരം നിയോ–ബുദ്ധിസ്റ്റുകളെയും കൂടി പട്ടികജാതിക്കാരായി പരിഗണിക്കപ്പെടുന്നു ണ്ട്.

*അതായത്, നിലവിൽ പട്ടികജാതി പരിഗണിക്കണമെങ്കിൽ ഹിന്ദു, സിഖ്, നിയോ–ബുദ്ധിസ്റ്റ് എന്നിവയിൽ ഏതെങ്കിലും ഒരു മതം ആചരിക്കുന്നവരായിരിക്കണം. മറ്റ് മതങ്ങൾ ആചരിക്കുന്നവർ പട്ടികജാതിക്കാരായി പരിഗണിക്കപ്പെടുന്നതല്ല.*

2. **പട്ടികജാതിയിൽ നിന്നും മറ്റ് മതങ്ങളിലേക്ക് മത പരിവർത്തനം ചെയ്തവർ ചട്ട പ്രകാരമുള്ള നടപടികൾ പാലിച്ച് പൂർവ്വ മതത്തിലേക്ക് തിരികെ വന്നാൽ അവർക്ക് വീണ്ടും പട്ടികജാതി പരിഗണന നൽകാമോ ?**

ഇക്കാര്യത്തിൽ G.O (MS) 16/83 HWD dated 7th July 1983 ലെ സർക്കാർ ഉത്തരവ് പ്രകാരവും സർക്കുലർ നമ്പർ 18421/E2/87 പജ. പവ. വിവ പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കാവുന്നതാണ്. ഓരോ കേസും അതിന്റെ ‘അർഹത’ (Merit) അനുസരിച്ച് തീരുമാനമെടുക്കേണ്ട താണ്.

3. **തലമുറകളായി അടിമയായി കഴിഞ്ഞിരുന്ന പട്ടികജാതി പട്ടികയിൽ ഉൾപ്പെടുന്ന ഒരു കുടുംബം ക്രൈസ്തവ മതം സ്വീകരിക്കുകയും അവയിലെ പിൻ തലമുറ യിൽപ്പെട്ട ആരെങ്കിലും പൂർവ്വമതത്തിലേക്ക് വരണമെന്ന് ആഗ്രഹിക്കുകയാണെ ങ്കിൽ അവരെ ഹിന്ദു മതത്തിലെ ഏത് വിഭാഗത്തിൽ ഉൾപ്പെടുത്തും ?**

ക്രൈസ്തവമതം സ്വീകരിച്ചവരുടെ പിൻ തലമുറയിൽപ്പെടുന്നവർക്കും ആവശ്യ മെങ്കിൽ പൂർവ്വമതം പുനർജീവിപ്പിക്കാം(Revive). പക്ഷേ മതപരിവർത്തനത്തിനുവേ ണ്ടി നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം. പൂർവ്വികർ പട്ടികജാതിയിലെ ഏത് ജാതിയിൽ നിന്നാണോ മാറിയത്, അതേ ജാതിയിലേക്ക് മാത്രമേ പുനരാശ്ലേഷം അനുവദിക്കുകയുള്ളൂ. ഓരോ കേസും അതിന്റെ അർഹത(Merit) അനുസരിച്ചുള്ള തീരുമാനമാണ് അനുവർത്തിക്കേണ്ട ത്.

## II. പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടവർ മതപരിവർത്തനം നടത്തിയാൽ അവർക്ക് ഭരണഘടനാനുസൃതമായ പദവിക്ക് സാധുതയുടോ ?

*കേന്ദ്ര ഗവൺമെന്റിന്റെ പൊതുമാനദണ്ഡങ്ങളിൽപ്പെട്ട നിർദ്ദേശം അനുസ രിച്ച് പട്ടികവർഗ്ഗക്കാർക്ക് ഏത് മതവും ആചരിക്കുന്നതിനുള്ള അനുമതി നൽശിയിട്ടു ്ണ്ട.*

*(Ref: No.35I1J72R. G. (SCT.V), Govt. of India/Bharath Sarkar, Ministry of Home Affairs/Grih Mantralaya)*

1. **പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മാതാപിതാക്കളുടെ സ്കൂൾ രേഖകളിൽ അവ രുടെ സമൂദായം രേഖപ്പെടുത്തുകയും എന്നാൽ അവരുടെ കുട്ടികളുടെ സ്കൂൾ രേഖകളിൽ ക്രിസ്ത്യൻ എന്ന് മാത്രം രേഖപ്പെടുത്തി കാണുകയും ചെയ്താൽ പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കാമോ ?**

ഭരണഘടന 342 അനുച്ഛേദം നിഷ്കർഷിച്ചിട്ടുള്ള പട്ടികയിൽ ഉൾപ്പെടുന്ന സമു ദായങ്ങൾക്ക് മാത്രമേ പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റിന് അർഹതയുള്ളൂ. എന്നാൽ യഥാർത്ഥ സമുദായത്തിൽ ഉൾപ്പെടുന്നവർ ഏതെങ്കിലും വിധത്തിൽ സ്കൂൾ രേഖക ളിൽ തെറ്റായി ജാതി രേഖപ്പെടുത്തിയാൽ അത് നിലവിലെ G.O (MS) No. 195/85/GAD dated 24 May 1985 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഗസറ്റ് നോട്ടി ഫിക്കേഷൻ നടത്തി പരിഹാരം തേടാവുന്നതാണ്. മുകളിൽ സൂചിപ്പിച്ച കേസിൽ ഗസറ്റ് നോട്ടിഫിക്കേഷൻ അനിവാര്യമാണ്.

## III. മിശ്രവിവാഹിതരുടെ പിൻതലമുറക്കാരുടെ ജാതി പദവി നിർണ്ണയം

**1. പിതാവ്/മാതാവ് മുന്നോക്ക സമുദായത്തിൽപ്പെട്ടവരും മാതാവ്/പിതാവ് പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിൽ ഉൾപ്പെട്ട ആളുമാണെങ്കിൽ അവർക്ക് ജനിക്കുന്ന കുട്ടികൾക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് നൽകാമോ ?**

മിശ്രവിവാഹിതരുടെ കുട്ടികൾക്ക് സമുദായ സർട്ടിഫിക്കറ്റ് G. O (MS) No. 109/2008/SC ST DD dated 20.11.2008 പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി മാത്രമേ പട്ടികജാതി പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളൂ എന്ന് നിർദ്ദേശമുണ്ട്. ഇതിൻ പ്രകാരം ഓരോ കേസും വെവ്വേറെ പരിശോധിച്ച് അർഹത പ്രകാരം പരിഗണിക്കേണ്ട താണ്.

**2. മിശ്രവിവാഹിതരിൽ ആരെങ്കിലും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെടുന്ന വ്യക്തിയും ടിയാൾ മരണപ്പെടുകയും ചെയ്താൽ, ഇവരുടെ മക്കൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റ് നൽകാമോ ?**

G. O (MS) 109/2008/SC ST DD Dated 20.11.2008 ൽ പ്രതിപാദിച്ചിട്ടുള്ള അടിസ്ഥാനതത്വ പ്രകാരം കേസിന്റെ അർഹത അനുസരിച്ച് തീരുമാനമെടുക്കാവുന്നതാണ്.

**3. ലാറ്റിൻ കാത്തലിക്കിൽപ്പെട്ട പുരുഷൻ റോമൻ കാത്തലിക്ക് സ്ത്രീയെ വിവാഹം കഴിഞ്ഞശേഷം, സ്ത്രീ ലാറ്റിൻ കാത്തലിക്ക് സർട്ടിഫിക്കറ്റ് അവകാശപ്പെട്ടാൽ നൽകാൻ കഴിയുമോ ?**

ലാറ്റിൻ കാത്തലിക്ക് സമുദായം ഒ. ബി. സി പട്ടികയിലാണുള്ളത്. സ്ത്രീയ്ക്ക് വിവാഹശേഷം ഭർത്താവിന്റെ ലാറ്റിൻ കാത്തലിക് സമുദായ സർട്ടിഫിക്കറ്റിന് അർഹതയില്ല. ബഹു. സുപ്രീംകോടതിയും ഇതേ നിഗമനത്തെ ശരിവച്ചിട്ടു ണ്ട്. ചുരുക്കി പറഞ്ഞാൽ വിവാഹത്തിൽക്കൂടിയുള്ള ജാതി അവകാശം അനുവദനീയമല്ല. 22.08.2011 ലെ സർക്കാർ സർക്കുലർ നമ്പർ 25638/എഫ്/3/09/പജ. പവ. വിവ., 04.04.2012 ലെ സർക്കാർ ഉത്തരവ് നമ്പർ 55/2012/പജ. പവ. വിവ എന്നിവയിലെ നിർദ്ദേശങ്ങൾ കൂടി പാലിച്ച് വേണം ലാറ്റിൻ കാത്തലിക്ക് സർട്ടിഫിക്കറ്റ് നൽകുവാൻ.

**4. ഹിന്ദു പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി/യുവാവ് മുസ്ലീം വിഭാഗത്തിൽപ്പെട്ട യുവതി/യുവാവിനെ വിവാഹം ചെയ്യുകയും പ്രസ്തുത യുവതി/യുവാവ് മുസ്ലീം ആചാരപ്രകാരം ജീവിക്കുകയും ചെയ്താൽ ആ വ്യക്തിയ്ക്ക് പട്ടികജാതി അംഗത്വത്തിന് അർഹതയുടോ ?**

അക്തഹതയില്ല.

## IV. ഇതര സംസ്ഥാനങ്ങളിൽ നിന്നും കുടിയേറിപ്പാർത്തവരുടെ ജാതി പദവി നിർണ്ണയം.

1. **ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ സ്ഥിരതാമസമാക്കിയ പട്ടിക ജാതി – പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജാതി നിർണ്ണയം എങ്ങനെ നടത്തണം ?**

ഭരണഘടനയുടെ 341,342 അനുച്ഛേദങ്ങൾ പ്രകാരം പട്ടിക വിഭാഗങ്ങളുടെ പട്ടിക തയ്യാറാക്കപ്പെട്ടിരിക്കുന്നത് അതത് സംസ്ഥാനത്തിലെ ജാതികളുടെ ചരിത്രപരവും സാമൂഹ്യപരവുമായ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിലാണ്. ജാതി പേരിൽ സമാനതയുായിരുന്നാലും വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തമായ ജാതീയ ശ്രേണിയിലാണ് പ്രസ്തുത ജാതികൾ നിലനിൽക്കുന്നത്. അതുകൊാണ് മുകളിൽ സൂചിപ്പിച്ച അനുച്ഛേദത്തിന്റെ നിർവ്വചനത്തിൽ "........ in relation to that State" എന്ന് സ്പഷ്ടമായി പറഞ്ഞിട്ടുള്ളത്. അതിൻ പ്രകാരം സംസ്ഥാനങ്ങളുടെ പട്ടികജാതി ലിസ്റ്റിൽ 1950 –നോ അതിനുമുമ്പോ സ്ഥിരതാമസമാക്കിയവരെ ഉദ്ദേശിച്ച് കൊണ്ടാണ് ആ സംസ്ഥാനത്തിലെ പട്ടിക വിഭാഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. താൽകാലികമായി 1950 –ൽ ഇതര സംസ്ഥാനത്തിൽ വസിച്ചിരുന്നവർ അവരുടെ ജാതിപേർ ഒറിജിനൽ സംസ്ഥാനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ആ സംസ്ഥാനത്തിലെ പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗമായി പരിഗണിക്കപ്പെടുന്നതാണ്. ഒരു പട്ടിക വിഭാഗത്തിൽപ്പെട്ട അംഗത്തിന് ഒരു ഒറിജിനൽ സംസ്ഥാനമോ / കേന്ദ്രഭരണ പ്രദേശമോ അവകാശപ്പെടുവാൻ പാടുള്ളൂ. ഇതിന്റെ വിശദാംശങ്ങൾ G. O (MS) 10/86 dated 12.12.1986 എന്ന ഉത്തരവിൽ കേന്ദ്ര സർക്കാറിന്റെ സ്പഷ്ടീകരണം കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിശദമാക്കിയിട്ടുണ്ട്.

2. **ഇതര സംസ്ഥാനത്തെ തഹസിൽദാർ നൽകിയ അതേ സർട്ടിഫിക്കറ്റിൽ തന്നെയാണോ ഇവിടുത്തെ തഹസിൽദാർ ഒപ്പിട്ടു സർട്ടിഫിക്കറ്റ് റീ ഇഷ്യൂ ചെയ്യുന്നത്. അതോ അതിന്റെ അടിസ്ഥാനത്തിൽ വേറെ സർട്ടിഫിക്കറ്റാണോ നൽകേണ്ടത് ?**

ഇവിടുത്തെ തഹസിൽദാർ റീ ഇഷ്യൂ ചെയ്യുന്നത് പുതിയ സർട്ടിഫിക്കറ്റാണ്. അപേക്ഷകൻ ഹാജരാക്കുന്ന സർട്ടിഫിക്കറ്റിലെ സംസ്ഥാനവും ജാതിയും രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കണം.

**3. ആസാം സംസ്ഥാനത്തെ പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾ കേരള സംസ്ഥാനത്തെ പട്ടികജാതിയിൽപ്പെട്ട യുവതിയെ വിവാഹം കഴിച്ചാൽ, ടിയാളുടെ മക്കൾക്ക് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാമോ ?**

ഇതര സംസ്ഥാനങ്ങളിൽ നിന്നും കുടിയേറിപ്പാർത്തവരുടെ ജാതി പദവിയുടെ നിർണ്ണയം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ മുൻപ് സൂചിപ്പിച്ചുവല്ലോ ? ഈ കേസിൽ മക്കൾ കേരളത്തിലെ മാതാവിന്റെ സാഹചര്യവും സംസ്കാരവും പങ്കിട്ടുകൊണ്ടാണ് വളരുന്നത്. 20.11.2008 ലെ ജി. ഒ (എം. എസ്) 109/2008 എസ്. സി, എസ്. ടി, ഡിഡി പ്രകാരവും മാതാവിന്റെ പട്ടികജാതി സർട്ടിഫിക്കറ്റിനാണ് അർഹത.

**4. മുംബെയിൽ 1950 നു ശേഷം ജോലി ആവശ്യത്തിന് വേണ്ടി പോയ പട്ടികജാതിയിൽ ഉൾപ്പെട്ട മാതാപിതാക്കളുടെ മക്കൾ അവിടെ ജനിക്കുകയും വിദ്യാഭ്യാസം ചെയ്തുവരുന്നുമുണ്ട്. അവർക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് മുംബെയിൽ നൽകുന്നില്ല.**

1986 ലെ സർക്കാർ ഉത്തരവ് ജി. ഒ (എം. എസ്) 10/86 പ്രകാരം ഒറിജിനൽ സംസ്ഥാനത്തുനിന്ന് ജോലിക്കുവേണ്ടി സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്നവരുടെ മക്കൾക്ക് പട്ടികജാതി സമുദായ സർട്ടിഫിക്കറ്റിന് അർഹതയുണ്ട്.

കേരളത്തിൽ നിന്നും കുട്ടിയുടെ മാതാപിതാക്കൾക്ക് നൽകുന്ന സർട്ടിഫിക്കറ്റ്/റിപ്പോർട്ട് മഹാരാഷ്ട്ര സംസ്ഥാനത്തിലെ ബന്ധപ്പെട്ട അധികാരികൾക്ക് മുമ്പാകെ ഹാജരാക്കുന്ന പക്ഷം, മുംബെയിലെ റവന്യൂ അധികാരികൾക്ക് സർട്ടിഫിക്കറ്റ് റീ ഇഷ്യൂ ചെയ്യാവുന്നതാണ്.

**5. ശ്രീലങ്കയിൽ നിന്നും കേരളത്തിലേക്ക് പുനരധിവസിക്കപ്പെട്ടവരുടെ ജാതി സർട്ടിഫിക്കറ്റ് നൽകാൻ എന്തെങ്കിലും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുോ ?**

1964 ലെ സിരിമാവോ – ശാസ്ത്രി, 1974 ലെ സിരിമാവോ – ഇന്ദിരാഗാന്ധി എന്നീ കരാറുകൾ പ്രകാരം ശ്രീലങ്കയിൽ നിന്നും കേരളത്തിൽ പുനരധിവസിക്കപ്പെട്ടിട്ടുള്ള ഇന്ത്യൻ വംശജർക്ക് സമുദായ സാക്ഷ്യപത്രം നൽകുവാനുള്ള അനുമതി 17.07.2014 ലെ സർക്കാർ ഉത്തരവ് നമ്പർ 43/2014/പജ. പവ. വിവ, മുഖാന്തരം പുറപ്പെടുവിച്ചിട്ടുണ്ട്. 12.02.1986 ലെ ജി. ഒ (എം. എസ്) നമ്പർ 10/86/എസ്.സി, എസ്.ടി, ഡിഡി ഉത്തരവ്, ഇപ്പോഴത്തെ സർക്കാർ ഉത്തരവിന്റെ പരിധിയിൽ വരുകയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സംസ്ഥാനത്തിൽ പുനരധിവസിക്കപ്പെട്ടവർക്ക്, പുനരധിവാസ വേളയിൽ അവരുടെ ഫാമിലി കാർഡുകളിൽ ഇൻഡ്യൻ ഹൈക്കമ്മീഷ്ണർ നട

ത്തിയിട്ടുള്ള രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ സമുദായ സാക്ഷ്യപത്രങ്ങൾ നൽകാം. പട്ടികജാതി വിഭാഗങ്ങളുടെ ആനുകൂല്യം അവകാശപ്പെടുന്ന വ്യക്തി തങ്ങളുടെ സമുദായത്തിൽപ്പെട്ടയാളാണെന്നും ടിയാളെ തങ്ങളിൽ ഒരാളായി അംഗീകരിക്കുന്ന പ്രസ്തുത സമുദായത്തിൽ തന്നെയുള്ള അഞ്ചിൽകുറയാത്ത അംഗങ്ങളുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണെന്ന് 06/07/2017 ലെ സർക്കാർ ഉത്തരവ് നമ്പർ 55/2017/പജ. പവ. വിവ യിൽ പറഞ്ഞിട്ടുണ്ട്.

## V. പൊതുവായ ചോദ്യങ്ങളും ഉത്തരങ്ങളും

**1 പട്ടികജാതി പട്ടികവർഗ്ഗക്കാരായ ദമ്പതികൾ 1956 ലെ ഹിന്ദു ദത്തെടുക്കൽ നിയമ പ്രകാരം ദത്തെടുത്ത കുട്ടിക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് നൽകാൻ കഴിയുമോ ?**

മാതാപിതാക്കൾ പട്ടിക വിഭാഗക്കാരായത് കൊണ്ടും അവർ ദത്തെടുത്ത കുട്ടി അവരുടെ സാമൂഹ്യ സാഹചര്യമനുസരിച്ച് വളർത്തപ്പെടുന്നത് കൊണ്ടും പട്ടിക വിഭാഗ സർട്ടിഫിക്കറ്റിന് അർഹതയുണ്ട്.(25.03.2003 ലെ നമ്പർ 11366/ജി1/12/പജ. പവ. വിവ. – സർക്കുലർ കാണുക)

**2 ദത്തെടുക്കൽ നിയമപ്രകാരം ദത്ത് എടുത്ത കുട്ടി പ്രായപൂർത്തിയായ ശേഷം ആ കുട്ടി ആവശ്യപ്പെടുന്ന ജാതി നൽകാമോ ?**

ദത്ത് എടുക്കപ്പെട്ട കുട്ടിയുടെ ജാതി, മതം എന്നിവ ദത്ത് എടുക്കപ്പെട്ട ദമ്പതികളുടെതായിരിക്കും. പ്രായപൂർത്തിയായ ശേഷം ഒരു പക്ഷേ കുട്ടി പൂർവ്വാശ്രമത്തിലേക്ക് പോകുന്നത് ദത്തെടുക്കൽ നിയമത്തിന്റെ ലംഘനവുമാണ്.

**3 ദമ്പതികൾ, പട്ടികജാതിക്കാർ, മക്കളില്ല, ദത്തെടുത്ത് വളർത്തിയ പെൺകുട്ടി ഒ. ബി. സി സമുദായത്തിൽപ്പെട്ട വ്യക്തിയെ വിവാഹം കഴിച്ചു. അവർക്ക് ഉണ്ടായ കുട്ടിയ്ക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് നൽകാമോ ?**

ദത്തെടുത്തശേഷം കുട്ടിയുടെ അമ്മ എല്ലാ അർത്ഥത്തിലും പട്ടികജാതി സമുദായക്കാരി തന്നെയാണ്. പിന്നെ മിശ്രവിവാഹിതരുടെ മക്കൾക്ക് സ്വീകരിക്കുന്ന നടപടിക്രമം പാലിച്ച് അർഹതയുണ്ടെങ്കിൽ പട്ടികജാതി സർട്ടിഫിക്കറ്റ് നൽകാം.

**4 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും അമ്മ മാത്രം രക്ഷിതാവായതുമായ കുട്ടികൾക്ക് ഏത് സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാക്കും ?**

ഇത്തരത്തിലുള്ള എല്ലാ കുട്ടികൾക്കും മാതാവിന്റെ സമുദായ സർട്ടിഫിക്കറ്റിനാണ് അർഹത.

**5 മാതാപിതാക്കൾ പ്രാഥമിക വിദ്യാഭ്യാസം ആർജിക്കാത്തവരും മറ്റ് രേഖകൾ ഹാജരാക്കാനില്ലെങ്കിലും അവരുടെ മക്കളുടെ ജാതി, പദവി നിർണ്ണയിക്കുന്നതെങ്ങനെ ?**

നിരക്ഷരരും ഏറ്റവും പിന്നോക്കം നിൽക്കുന്ന പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പലപ്പോഴും എഴുതപ്പെട്ട പ്രമാണങ്ങൾ സമർപ്പിക്കാൻ സാധിക്കാറില്ല. ഒരു രേഖയും ഹാജരാക്കാൻ കഴിയുന്നില്ലെങ്കിലും ഇത്തരം കേസുകളിൽ വ്യതിരിക്തമായ പ്രാദേശിക അന്വേഷണം (Discreet Local Enquiry) നടത്തി തീരുമാനമെടുക്കാവുന്നതാണ്.

**6 അനാഥാലയത്തിലെ അന്തേവാസികളായ, പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗ സമുദായം അവകാശപ്പെടുന്ന കുട്ടികളുടെ ജാതി നിർണ്ണയിക്കുന്നതെപ്രകാരമാണ് ?**

അനാഥാലയത്തിൽ പ്രവേശിക്കപ്പെടുന്നവരുടെ ജാതി – മത സംബന്ധമായ വിവരങ്ങൾ സാധാരണഗതിയിൽ വെളിപ്പെടുത്താറില്ല. ജാതി സർട്ടിഫിക്കറ്റ് നൽകണമെങ്കിൽ പ്രസ്തുത വ്യക്തികളുടെ മാതാപിതാക്കളുടെ ജാതി പദവി സംബന്ധിച്ച വിവരങ്ങൾ അറിയേതു ണ്ട്. ആയതുകൊണ്ട് അനാഥാലയത്തിൽ വളരുന്ന ജാതി വെളിപ്പെടുത്താത്ത കുട്ടികൾക്ക് ഭരണഘടനാ പ്രകാരമുള്ള പട്ടികജാതി – പട്ടികവർഗ്ഗ പരിഗണന നൽകുന്നതിന് നിർവ്വാഹമില്ല.

**7 മറ്റൊരു ജില്ലയിലെ തഹസിൽദാർ/വില്ലേജ് ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം ആവശ്യമുണ്ടോ ? ടി വിഷയത്തിൽ പിന്നീട് ഏതെങ്കിലും പ്രശ്നങ്ങൾ ഉണ്ട ായാൽ ഉത്തരവാദിത്വം ആർക്കെല്ലാം ?**

യഥാർത്ഥ സർട്ടിഫിക്കറ്റ് നൽകുന്ന തഹസിൽദാർ/വില്ലേജ് ഓഫീസർക്കാണ് പ്രാഥമികമായ ഉത്തരവാദിത്വം. ശുപാർശ ചെയ്ത റവന്യൂ അധികാരിക്കും ദ്വിതീയ ഉത്തരവാദിത്വം ഉ ണ്ട്. അന്വേഷണം ആവശ്യമുണ്ടോ എന്ന് ചോദിച്ചാൽ സർട്ടിഫിക്കറ്റ് നൽകുന്ന ഓഫീസർ സ്വയം ബോധ്യപ്പെട്ടിട്ടുവേണം(Satisfy himself/herself) സർട്ടിഫിക്കറ്റ് നൽകാൻ. മറ്റ് ജില്ലയിൽ നിന്നും ഹാജരാക്കിയ റിപ്പോർട്ടും അതിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന അന്വേഷണവുമായി കണ്ണിചേർന്ന് പോകണം. വൈരുദ്ധ്യങ്ങൾ പാടില്ല.

**8 ആന്ധ്ര നായർ, ആന്തൂര് നായർ എന്നിവ ഒ. ബി. സി യിൽ വരുമോ ?**

പരമ്പരാഗത മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ആന്ധ്ര നായർ, ആന്തൂര് നായർ എന്നീ വിഭാഗങ്ങൾ ഒ. ബി. സി പട്ടികയിലാണ് ഉള്ളത്. കുലാല നായർ എന്ന പൊതുപേരിലും ഒ. ബി. സി പട്ടികയിൽ ഈ വിഭാഗങ്ങളെ അറിയപ്പെടുന്നു്. കുശവൻ, കുംബാരൻ, ഓടൻ, വേളാൻ എന്നീ വിഭാഗങ്ങളും പാരമ്പര്യ മൺപാത്രനിർമ്മാണ

തൊഴിൽ ഏർപ്പെട്ടിരിക്കുന്നവരും ഒ. ബി. സി പട്ടികയിൽ ഇടം നേടിയവരാണ്. എല്ലാ പ രമ്പരാഗത മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരും മുകളിൽ സൂചിപ്പിച്ച എല്ലാ വിഭാഗങ്ങളും ഒ. ഇ. സി പട്ടികയിലും ഉ ണ്ട്.

**9 കണ്ണൂർ ജില്ലയിലെ ഹിന്ദു പുലയൻ സമുദായക്കാരുടെ സ്കൂൾ രേഖകളിൽ ആദി ദ്രാവിഡ എന്ന് എങ്ങനെയാണ് രേഖപ്പെടുത്തപ്പെട്ടത് ? പുതിയ തലമുറയിൽപ്പെട്ട വർ പുലയ എന്നാണ് ആവശ്യപ്പെടുന്നത്. അപ്പോൾ മാതാപിതാക്കളുടെ സ്കൂൾ രേഖകളിൽ നിന്നും വ്യത്യസ്തമായി മക്കളുടെ ജാതി രേഖപ്പെടുത്തിയിരിക്കു ന്നത് പ്രശ്നമാകുമോ ?**

കണ്ണൂർ ജില്ല മുൻ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. ജാതിശ്രേണിയിൽ ഏറ്റവും താഴെയായി കണക്കാക്കപ്പെട്ടിരുന്നവർ മദ്രാസ് സംസ്ഥാനത്തിൽ സംഘടിക്കു കയും തങ്ങളുടെ സമുദായ പരിഷ്കരണത്തിന്റെ ഭാഗമായി പൊതുപേരായ 'ആദിദ്രാ വിഡ' ഉപയോഗിക്കുവാനുള്ള അനുമതി 1921 ൽ നേടിയിരുന്നു. ഇതിന്റെ പ്രതിഫലന മായി സാമൂഹ്യപരിഷ്കർത്താക്കളുടെ ശ്രമത്താൽ കണ്ണൂരിലെ പുലയൻ സമുദായ ത്തിലെ അംഗങ്ങളുടെ ആദ്യതലമുറ ബാലികസദനത്തിൽകൂടി ഔപചാരിക വിദ്യാ ഭ്യാസം ആരംഭിച്ചപ്പോൾ 'ആദിദ്രാവിഡ' എന്ന ജാതിപേരാണ് നൽകിയത്. കേരളത്തി ലെ പട്ടികജാതി ലിസ്റ്റിൽ 'ആദിദ്രാവിഡ'യെ ഉൾക്കൊള്ളിച്ചിട്ടു്. ആയത്കൊ ണ്ട് സമു ദായ സർട്ടിഫിക്കറ്റ് നൽകുമ്പോൾ അപേക്ഷകൻ ജനിച്ചത് പുലയൻ സമുദായത്തി ലാണോ എന്ന് അന്വേഷിച്ചാൽ മതിയാകും. എന്നാൽ 'ആദിദ്രാവിഡ' എന്ന പൊതു പേരിന്റെ മറവിൽ വ്യാജ സമുദായ സർട്ടിഫിക്കറ്റ് സമ്പാദനം തടയുകയും വേണമെന്ന് 30.08.1987 ലെ സർക്കാർ കത്ത് (നമ്പർ 4250/ഇ2/86/ പജ. പവ. വിവ ) മുഖാന്തരം റവന്യൂ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടു ണ്ട്.

**10 വെള്ളാള സമുദായത്തെ മുന്നോക്ക ജാതിയായി പരിഗണിച്ചിരിക്കുന്നതായി അറി യുന്നു. എന്നാൽ വെള്ളാള സമുദായത്തിന്റെ ഉപജാതിയായ ശൈവവെള്ളാള സമുദായത്തെ പലരേഖകളിലും ഒ. ബി. സി എന്ന് കാണിച്ചിട്ടു ണ്ട്. യഥാർത്ഥത്തിൽ ശൈവവെള്ളാള സമുദായത്തിന് ഏത് സർട്ടിഫിക്കറ്റ് അനുവ ദിക്കാം?**

വെള്ളാള സമുദായമോ ഉപജാതിയായ ശൈവവെള്ളാളയോ ഒരു ലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടില്ല. മുൻ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ പ്രദേ ശത്ത് വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള പട്ടികയിൽ ശൈവവെള്ളാള സമുദായത്തെ ഉൾപ്പെടുത്തിയിരുന്നതായി കാണാം. പ്രസ്തുത ലിസ്റ്റ് നിലവിൽ പ്രയോഗത്തിൽ ഇല്ല. അത് കൊ ണ്ടാണ് ചില രേഖകളിൽ ഒ. ബി. സി എന്ന് രേഖപ്പെടുത്തുവാൻ ഇടയായത്.

**11 അപേക്ഷകന്റെ പിതാവ് ഒ. ബി. സി കാവുതിയ്യ വിഭാഗത്തിൽപ്പെട്ടതും അമ്മയുടെ ജാതി ബാർബർ എന്നുമാണ് രേഖകളിൽ കാണിച്ചിരിക്കുന്നത്. അപേക്ഷകന് ഏത് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാം ?**

തിയ്യ സമുദായക്കാരുടെ പരമ്പരാഗത ക്ഷുരക ജോലി ചെയ്തിരുന്ന സമുദായ മാണ് കാവുതിയ്യ. ചിലപ്പോൾ സ്കൂൾ രേഖകളിൽ ജാതിയുടെ കോളത്തിൽ ബാർബർ എന്ന് തൊഴിൽ രേഖപ്പെടുത്തിയതായി കാണാൻ കഴിഞ്ഞിട്ടു ണ്ട്. മാതാവും കാവുതിയ്യ സമുദായാംഗമാണെന്ന് പ്രാദേശിക അന്വേഷണത്തിൽ നിന്ന് മനസ്സിലാക്കാമെങ്കിൽ അപേക്ഷകന് കാവുതിയ്യ സർട്ടിഫിക്കറ്റ് നൽകാം.

**12 സമുദായ സംഘടന നൽകുന്ന കത്തിന്റെ/സാക്ഷ്യപത്രത്തിന്റെ അടിസ്ഥാന ത്തിൽ സർട്ടിഫിക്കറ്റ് നൽകാമോ?**

സമുദായ സംഘടന നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രം സർട്ടി ഫിക്കറ്റ് നൽകാൻ പാടില്ല. വ്യതിരിക്തമായ പ്രാദേശിക അന്വേഷണം (Discreet Local Enquiry) നടത്തി തീരുമാനമെടുക്കാവുന്നതാണ്.

**13 അടിസ്ഥാനരേഖയായി പഴയ സ്കൂൾ അഡ്മിഷൻ രജിസ്റ്റർ മാത്രം ഹാജരാക്കു ന്നു. ഇത് അനുസരിച്ച് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാമോ ?**

സ്കൂൾ രേഖയുടെ അടിസ്ഥാനത്തിൽ മാത്രം സമുദായ സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളതല്ല. 28.07.1986 ലെ ചീഫ് സെക്രട്ടറിയുടെ സർക്കുലറിൽ ഇക്കാര്യം വ്യക്തമാ ക്കിയിട്ട്.(നമ്പർ 7903/ഇ2/86/എസ്.സി, എസ്.ടി, ഡിഡി)

**14 മുകയ എന്നത് ഒ. ബി. സി ആണോ ഒ. ഇ. സി ആണോ ? ആണെങ്കിൽ ധീവര – മുകയ എന്ന് എന്തിനാണ് ചേർത്തിരിക്കുന്നത് ?**

പരമ്പരാഗത മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളെ 'ധീവര' എന്ന പൊതു പേരിൽ അറിയപ്പെടുന്നു. 'മുകയ' എന്നത് ഒ. ബി. സി പട്ടികയിലും ഒ. ഇ. സി പട്ടികയിലും ഉ ണ്ട്. ധീവര സമുദായത്തിൽ മുകയ ഉൾപ്പെടെ പത്ത് ഉപസമുദാ യങ്ങൾ ഉ ണ്ട്.

**15 കൊല്ലം ജില്ലയിലും പരിസരപ്രദേശത്തും താമസിക്കുന്ന കുറവൻ/കുറവർ സമു ദായം സിദ്ധനർ സർട്ടിഫിക്കറ്റ് അവകാശപ്പെടുന്നത് അനുവദിക്കാമോ ?**

തെക്കൻ ജില്ലയിലെ കുറവർ/കുറവൻ സമുദായക്കാരെ സിദ്ധനർ എന്ന പൊതു പേരിലും അറിയപ്പെടുന്ന്. ആയത്കൊ ണ്ട് സിദ്ധനർ എന്ന പേര് പട്ടികയിൽപ്പെടുത്തി യിട്ടുള്ളത്കൊണ്ട് അവകാശവാദം അംഗീകരിക്കാവുന്നതാണ്.

**16 മുൻ മലബാർ പ്രദേശത്തെ പാരമ്പര്യ കൈനോട്ട സമുദായക്കാരായ കുറവൻ സമുദായത്തിന് സിദ്ധനർ സമുദായ സർട്ടിഫിക്കറ്റ് നൽകാമോ ?**

മുൻ മലബാർ പ്രദേശത്ത് താമസിക്കുന്ന പാരമ്പര്യ കൈനോട്ടക്കാരായവരെ കുറവൻ എന്നാണ് അറിയപ്പെടുന്നത്. ഇവർ കാക്കാലൻ വിഭാഗക്കാരാണ്. ആയതുകൊ് ഈ മേഖലയിലെ കാക്കാലൻ / കുറവൻ വിഭാഗത്തിന് സിദ്ധനർ സർട്ടിഫിക്കറ്റിന് അർഹതയില്ല.

**17 തച്ചൻ, തച്ചർ (അദർ ദാൻ കാർപ്പെന്റർ) ഇവ ഒരു സമുദായമാണോ ?**

കൊല്ലം ജില്ലയിലും സമീപ പ്രദേശങ്ങളിലും വസിക്കുന്ന പട്ടികജാതി തണ്ട ാൻ സമുദായക്കാരുടെ ഒരു വിഭാഗക്കാർ തച്ചർ എന്ന സുദായ സംഘടന രൂപീകരിക്കുകയും ആ ജാതി പേരിൽ അറിയാനും താൽപ്പര്യപ്പെട്ടു. ഒ. ഇ. സി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തച്ചർ സമുദായത്തെ 2014 ലെ ഭരണഘടനാ ഭേദഗതി പ്രകാരം തച്ചർ (ആശാരിയല്ലാത്ത) എന്ന പേരിൽ [Thachar(Other than Carpenter)] പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടു്. എന്നാൽ വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട ആശാരി/തച്ചൻ സമുദായം പദസാമ്യത മുതലെടുത്ത് തച്ചർ(ആശാരിയല്ലാത്ത) ആയി നുഴഞ്ഞുകയറുന്നത് ശ്രദ്ധിക്കേണ്ട താണ്.

--------------------------------